ജില്ലാ ആശുപത്രി, പാലക്കാട്- 678 001
ഫോൺ: 0491-2533327, 2534524
Email: districthospitalpkd@gmail.com

എ6/13820/2023 തിയ്യതി 19.02.2024.

## ലേലപരസ്യം

പാലക്കാട് ജില്ലാ ആശുപത്രി കോമ്പൗണ്ടിൽ ട്രോമാകെയർ ബിൽഡിംഗ് നിർമ്മിക്കുന്നതിന് തടസ്സമായി നിൽക്കുന്ന 2 മരങ്ങൾ മുറിച്ചുമാറ്റുന്നതിന് വനം വകുപ്പിൻെറ അനുമതി ലഭിച്ചിട്ടുണ്ട്. ടി മരങ്ങൾ 05/03/2024 ന് പരസ്യലേലമുഖാന്തിരം വില്പനനടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

കുറഞ്ഞലേലതുക-**35,450/-**(വാല്യൂവേഷൻ റിപ്പോർട്ട് വനംവകുപ്പ് പ്രകാരം)
ലേലതിയ്യതി - 05/03/2024

സമയം: - 2 .PM

ലേലത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ള വ്യക്തികളോ സ്ഥാപനങ്ങളോ **05/03/2024, 1.00** മണിയ്ക്ക് മുമ്പായി **360/-** രൂപ നിരതദ്രവ്യം മുടക്കി ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ഏറ്റവും ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ലേലം സ്ഥിരപ്പെടുത്തുന്നതിനും ലേലം ഉറപ്പിക്കുന്ന വ്യക്തികൾ ലേലതുകയും ടി തുകയുടെ 18% ജിഎസ്ടിയും ലേലതുകയുടെ 5% വനവികസനനികുതിയും മറ്റ് നിയമാനുസൃത നികുതികളുംകൂടി ഓഫീസിൽ അടയ്ക്കേണ്ടതും മരങ്ങൾ സ്വന്തം ചെലവിൽ മുറിച്ചുമാറ്റി 7 ദിവസത്തിനുള്ളിൽ നീക്കം ചെയ്യേണ്ടതുമാകുന്നു. മരം മുറിച്ചുമാറ്റുമ്പോൾ ബന്ധപ്പെട്ടസ്ഥലത്ത് നിൽക്കുന്ന കെട്ടിടങ്ങൾക്കോ മറ്റു സ്ഥാവരജംഗമ വസ്തുക്കൾക്കോ നാശനഷ്ടം വരാതെ സൂക്ഷിക്കേണ്ടതാണ്. അത്തരത്തിൽ നാശനഷ്ടം ഉണ്ടാവുന്ന പക്ഷം നിയമാനുസൃത നഷ്ടപരിഹാരം കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

മരംമുറിക്കുന്ന വേളയിൽ മുട്ടകളോ, കുഞ്ഞുങ്ങളോടുകൂടിയ പക്ഷിക്കൂടുകളോ ശ്രദ്ധയിൽപ്പെട്ടാൽ വിവരം മരംമുറിക്കുന്നതിനു മുമ്പായി വനം വകുപ്പ് അധികൃതരെ സൂപ്രണ്ട് വഴി അറിയിക്കേണ്ടതാണ്.

ലേലനടപടികളിൽ ഭേദഗതിവരുത്തുന്നതിനോ നിർത്തിവയ്ക്കുന്നതിനോ ഈ സ്ഥാപനമേധാവിക്ക് പൂർണ്ണഅധികാരം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

DISTRICT HOSPITAL, PALAKKAD-678 001 Dept.of Health GOVT. OF KERALA

സൂപ്രണ്ട്

Deputy Director of Health Services
& Superintendent.
District Hospital, Palakkad.

പകർപ്പ്

<u>നോട്ടീസ് ബോർഡിൽ പതിക്കുന്നതിനായി</u>

01. ആരോഗ്യ വകുപ്പ് ഡയറക്ടർ ( വെബ് സൈറ്റിലേയ്ക്ക്)
02. ജില്ലാ മെഡിക്കൽ ഓഫീസ് (ആ) പാലക്കാട്
03. സെക്രട്ടറി മുനിസിപ്പാലിറ്റി, പാലക്കാട്
04. സൂപ്രണ്ട് സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രി, പാലക്കാട്.
05. പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, പാലക്കാട് (പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി)
06. ഫയൽ/ സ്റ്റോക്ക് ഫയൽ.